**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5593** **24-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിത ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച വിവരം ആശുപത്രികൾ പരസ്യപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച വിവരം ആശുപത്രികൾ പരസ്യപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 വകുപ്പ് 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ പൊതുജനങ്ങളുടെ ശ്രദ്ധ പതിയുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിലെ ചില വകുപ്പുകൾക്കെതിരെ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസ്സോസിയേഷൻ, ഇന്ത്യൻ ദന്തൽ അസ്സോസിയേഷൻ, കേരള പ്രൈവറ്റ് ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ എന്നിവർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതാണ്. അത്തരത്തിൽ ഫയൽ ചെയ്യപ്പെട്ട WP (C) 1365/2019-ന്മേൽ ബഹു. ഹൈക്കോടതിയുടെ 16/01/2019 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരവും, WP (C) No. 1365/2019, 29353/2019, 27168/2023, 41738/2023 എന്നിവകളിന്മേൽ 20/12/2023-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും ഈ വിഷയത്തിൽ കൂടുതൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെ, ആക്ടിന്റെ കീഴിൽ അപേക്ഷകർ രജിസ്ട്രേഷൻ നേടിയാലും, ഫീസ്/പാക്കേജുകൾ പ്രസിദ്ധീകരിക്കണമെന്ന് നിർബന്ധിക്കാൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ നിലവിൽ നടപടി സ്വീകരിക്കാൻ സാധ്യമല്ലാത്ത സാഹചര്യമാണുള്ളത്. |
| (ബി) | അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ആക്ഷേപം പൊതുജനങ്ങൾ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും എത്ര പരാതികൾ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആശുപത്രികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ഇതുവരെ 68 പരാതികൾ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന എല്ലാ പരാതികളും അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബന്ധപ്പെട്ട ജില്ലാ രജിസ്ട്രേഷൻ അതോറിറ്റിക്ക് ആണ് നൽകുന്നത്. ലഭിച്ച 68 പരാതികളിൽ, കോവിഡ് ചികിത്സയ്ക്ക് അമിത നിരക്ക് ഈടാക്കിയതുമായി ബന്ധപ്പെട്ട 2 ആശുപത്രികൾക്കെതിരെ (കാരിത്താസ് ആശുപത്രി- കോട്ടയം, നെയ്യാർ മെഡിസിറ്റി ആശുപത്രി- തിരുവനന്തപുരം) 10/05/2021 ലെ G.O.(Rt) No.1066/2021/H&FWD പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ജില്ലാ രജിസ്ട്രേഷൻ അതോറിറ്റിക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. കൂടാതെ നെയ്യാർ മെഡിസിറ്റി ആശുപത്രി, അഡ്മിനിസ്ട്രേറ്റർക്ക് 10,24,040/- രൂപ പിഴ തുക അടയ്ക്കുന്നതിനായി തിരുവനന്തപുരം ഡി.എം.ഒ 05.02.2025 ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ